"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ - കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും കുടിവെള്ള വിതരണത്തിന് തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**340/2026/LSGD** തീയതി,തിരുവനന്തപുരം, **09-02-2026**

**ഉത്തരവ്**

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ അത്തരം പ്രദേശങ്ങളിൽ കുടിവെള്ളവിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(1)** കുടിവെള്ള വിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക വിനിയോഗിക്കാവുന്നതാണ്.

| തദ്ദേശസ്വയംഭരണ സ്ഥാപനം | **31.03.2026** വരെ ചെലവഴിക്കാവുന്ന തുക | **01.04.2026** മുതൽ **31.05.2026** വരെ ചെലവഴിക്കാവുന്ന തുക |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | **6** ലക്ഷം | **12** ലക്ഷം |
| മുനിസിപ്പാലിറ്റികൾ | **12** ലക്ഷം | **17** ലക്ഷം |
| മുനിസിപ്പൽ കോർപ്പറേഷൻ | **17** ലക്ഷം | **22** ലക്ഷം |

**(2)** കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമാണ് കുടിവെള്ള വിതരണം നടത്തേണ്ടത്. റവന്യൂ വകുപ്പോ കേരള വാട്ടർ അതോറിറ്റിയോ ജലനിധി/സ്വജൽധാര/ജലജീവൻ തുടങ്ങിയ പദ്ധതികൾ മുഖേന മറ്റ് ഏജൻസികളോ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം കുടിവെള്ളവിതരണം നടത്തേണ്ടതില്ല.

**(3)** ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ കാലത്തേക്ക് കുടിവെള്ള വിതരണം ചെയ്യേണ്ടതെന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ

തീരുമാനമെടുക്കേണ്ടതാണ്.

**(4)** വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

**(5)** കുടിവെള്ളവിതരണം നടത്തുന്ന ടാങ്കറുകളിൽ/വാഹനങ്ങളിൽ **GPS** ഘടിപ്പിച്ചിരിക്കേണ്ടതും ആയതിന്റെ ലോഗ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**(6)** ദുരന്തനിവാരണ വകുപ്പ് മുഖേനയും അതല്ലാതെയും സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ വഴിയും **GPS** ടാങ്കറുകൾ/ വാഹനങ്ങൾ മുഖേനയും കുടിവെള്ളം എത്തിച്ച് വിതരണം നടത്താവുന്നതാണ്.

**(7)** വാഹനങ്ങളിൽ **GPS** ഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ വേണ്ടി വരുന്ന സാഹചര്യങ്ങളിൽ ആയത് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. **GPS** ട്രാക്കിംഗ് അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗ് ജില്ലാ ജോയിന്റ് ഡയറക്ടർ നടത്തേണ്ടതാണ്.

**(8)** കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിനു മുമ്പ് **GPS** ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ക്രോസ്ചെക്ക് ചെയ്യേണ്ടതും കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**(9)** സുതാര്യവും കാര്യക്ഷമവുമായി പരാതികൾക്കിടയില്ലാതെ കുടിവെള്ള വിതരണം നടക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനാവശ്യമായ റിപ്പോർട്ടുകൾ നിശ്ചിത ഇടവേളകളിൽ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് ആവശ്യപ്പെടാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആയത് കൃത്യമായി നൽകേണ്ടതുമാണ്.

**(10)** കുടിവെള്ളവിതരണം സുതാര്യവും കാര്യക്ഷമവുമായി നടക്കുന്നുണ്ട് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ മോണിട്ടറിംഗ് നടത്തേണ്ടതും ഉചിതമായ നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ(അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും(ഡയറക്ടർ(റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ നഗരസഭകൾക്കും(ഡയറക്ടർ(അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും(ഡയറക്ടർ(അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.
റവന്യൂ(ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്I /ആഡിറ്റ് II), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 09-02-2026 11:08:06

പകർപ്പ്:-

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്